Santhigiri

# ഉമ്മിണിതങ്കം

VOL 02 | ISSUE 55 | 2016 നവംബർ 20 | 1192 വൃശ്ചികം 5

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org

തിരുവനന്തപുരം റൂറൽ

### ഗുരുവാണി

"പരസ്പര വിരോധംകൊണ്ടുള്ള വൈരാഗ്യം വെടിഞ്ഞ് പരസ്പര സ്നേഹത്തിന്റെയും സഹകരണത്തിന്റെയും സഹായത്തിന്റെയും വൈരാഗ്യം പുലർത്തണം. ശുദ്രസംസ്ക്കാരത്തിൽനിന്നും മാഞ്ഞുപോയ നന്മ പൂർണ്ണമായും വന്നുചേരാനുതകുന്ന ജീവിതചര്യ സ്വീകരിക്കണം. "

## ഹെൽത്ത്കെയർ സോൺ പ്രാർത്ഥനാലയം
# നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു



ഹെൽത്ത്കെയർ സോൺ പ്രാർത്ഥനാലയത്തിന്റെ കോൺക്രീറ്റ് വർക്കുകൾക്ക് തുടക്കമായപ്പോൾ

**ഹെൽത്ത്കെയർ സോൺ:** ഹെൽത്ത്കെയർ സോൺ പ്രാർത്ഥനാലയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുന്നു. കോൺക്രീറ്റ് പില്ലർ വർക്കുകളാണ് ഇപ്പോൾ നടന്നുവരുന്നത്. സർവാദരണീയ സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വിയുടെ സാന്നിധ്യത്തിൽ സ്വാമി ചൈതന്യ ജ്ഞാനതപസ്വി പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചു. നവംബർ 15 നാണ് ഈ പ്രാർത്ഥനാലയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് തുടക്കമായത്.

ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിനും ഹോസ്പിറ്റലിലും ശാന്തിഗിരി ആയുർവേദ സിദ്ധ വൈദ്യശാല, ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ തുടങ്ങിയ സ്ഥാപനങ്ങൾക്കും സമീപം സ്ഥിതി ചെയ്യുന്ന പ്രാർത്ഥനാലയത്തിന്റെ നിലവിലുള്ള ഓടുമേഞ്ഞ കെട്ടിടത്തിന് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഒരു മുറിയും വരാന്തയും മാത്രമാണ് ഈ പ്രാർത്ഥനാലയത്തിനുള്ളത്. പ്രാർത്ഥനാലയ പരിസരത്തെ നിബിഡമായ ഔഷധവൃക്ഷലതാദികളുടെ സമൃദ്ധി ശ്രദ്ധേയമാണ്. അതീവ പൗരാണികമായ ഒരു കാലത്തിന്റെ സ്മൃതികളാണ് അവയുണർത്തുന്നത്. മയിലുകൾപോലെ വനാന്തരങ്ങളിൽ മാത്രം കാണപ്പെടുന്നതും മനുഷ്യ സമ്പർക്കം ഇഷ്ടപ്പെടാത്തതുമായ പക്ഷിസഞ്ചയങ്ങളുടെ സാന്നിദ്ധ്യവും എടുത്തു പറയേണ്ടതാണ്. നിലവിൽ രാവിലെയും വൈകുന്നേരവുമായി രണ്ടു നേരം ആരാധന നടക്കുന്നു. ആശ്രമത്തിൽ നിന്നെത്തുന്ന ബ്രഹ്മചാരിമാരാണ് ആരാധന നടത്തുന്നത്. പ്രാർത്ഥനാലയത്തിന്റെ നവീകരണത്തോടൊപ്പം ഹെൽത്ത്കെയർ സോണിലേക്കുള്ള റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്. നവീകരണ-നിർമാണപ്രവർത്തനങ്ങൾ മൂന്നു മാസത്തിനകം പൂർത്തിയാകും.

## പെട്രോൾ പമ്പിൽ നിന്നും പണം പിൻവലിക്കാം

**ന്യൂഡൽഹി :** വലിയ നോട്ടുകൾ മാറ്റിയെടുക്കാവുന്ന പരിധി വെള്ളിയാഴ്ച മുതൽ 2,000 രൂപയാക്കി കേന്ദ്ര സർക്കാർ കുറച്ചു. ആദ്യം 4,000 രൂപയും പിന്നീട് 4,500 രൂപയുമായിരുന്ന പരിധിയാണ് കുറച്ചത്. ബിനാമികൾ വഴി പണം വൻതോതിൽ മാറ്റിയെടുക്കുന്ന സാഹചര്യം തടയാനാണ് നടപടി. കൂടാതെ പൊതുമേഖലാ പെട്രോൾ പമ്പുകളിൽ നിന്നും പ്രതിദിനം രണ്ടായിരം രൂപ വരെ ഒരാൾക്ക് പണം പിൻവലിക്കാൻ സൗകര്യമൊരുക്കിയിട്ടുണ്ടെന്നും സർക്കാർ അറിയിച്ചു. ആവശ്യത്തിന് നോട്ടുകൾ അച്ചടിച്ചു കഴിഞ്ഞതായും ഈ മാസം അവസാനത്തോടെ സുഗമമായ പണവിതരണം സാധ്യമാകുമെന്നും സർക്കാർ വൃത്തങ്ങൾ വെളിപ്പെടുത്തി.

വിവാഹ ആവശ്യങ്ങൾക്ക് അക്കൗണ്ടിൽ നിന്നും പിൻവലിക്കാവുന്ന തുകയുടെ പരിധി രണ്ടര ലക്ഷമായി ഉയർത്തി. വായ്പ, ഇൻഷുറൻസ് തുകയടവിനുള്ള സമയപരിധി നീട്ടി നൽകാനും കേന്ദ്ര സർക്കാർ തീരുമാനിച്ചു.

## മന്ത്രി കെ.ടി. ജലീൽ ആശ്രമത്തിൽ

**സ്പിരിച്വൽ സോൺ :** സംസ്ഥാന തദ്ദേശഭരണ വകുപ്പ് മന്ത്രി കെ.ടി. ജലീൽ ശാന്തിഗിരി ആശ്രമം സന്ദർശിച്ചു. മുൻ നിയമസഭ ഡെപ്യൂട്ടി സ്പീക്കർ പാലോട് രവിയും ഉദ്യോഗസ്ഥരും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.

സ്പിരിച്വൽ സോണിൽ പ്രാർത്ഥനാലയവും പർണശാലയും സഹകരണമന്ദിരവും സന്ദർശിച്ചു ദർശനമന്ദിരം ഗസ്റ്റ് ഹൗസിലെത്തിയ മന്ത്രിയുമായി ആശ്രമം ഡയറക്ടർ സ്വാമി നവനന്മ ജ്ഞാനതപസ്വി ചർച്ച നടത്തി.



ആശ്രമത്തിലെത്തിയ മന്ത്രി കെ. റ്റി. ജലീലിനെ സ്വീകരിക്കുന്നു

ഗുരുചരണം ശരണം

**മോഹനം ഒപ്റ്റിക്കൽസ്**

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്

(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ഫോൺ : 8089695320

## പാമ്പാടി ബ്രാഞ്ച് പർണ്ണശാലയ്ക്ക് ശിലാസ്ഥാപനം നടത്തി

**കോട്ടയം :** ശാന്തിഗിരി ആശ്രമം പാമ്പാടി ബ്രാഞ്ചിൽ നിർമ്മിക്കുന്ന പർണ്ണശാലയുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് തുടക്കമായി. നവംബർ 13 ഞായറാഴ്ച പൗർണ്ണമി ദിവസം ഉച്ചയ്ക്ക് 11.30 മണിക്ക് നടന്ന ചടങ്ങിൽ ആശ്രമം ജനറൽ സെക്രട്ടറി സർവ്വാദരണീയ സ്വാമി ചൈതന്യ ജ്ഞാന തപസ്വി ശിലാസ്ഥാപനം നിർവ്വഹിച്ചു. സർവ്വാദരണീയ സ്വാമി നവകൃപ ജ്ഞാന തപസ്വി, ആദരണീയ സ്വാമി ചിത്തശുദ്ധൻ ജ്ഞാന തപസ്വി, ഡോ. ജനനി അനുകമ്പ ജ്ഞാന തപസ്വിനി എന്നിവർക്കു പുറമേ ജില്ലയിൽനിന്നുള്ള ആത്മബന്ധുക്കളും ചടങ്ങിൽ പങ്കെടുത്തു. ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തെ പ്രതിനിധീകരിച്ച് ഏതാനും ഗുരുഭക്തരും പങ്കെടുക്കുകയുണ്ടായി.



ശാന്തിഗിരി ആശ്രമം പാമ്പാടി ബ്രാഞ്ച് പർണ്ണശാലയുടെ മാതൃക

## ഗുരുവാണി

നമ്മുടെ നാട് ഭാരതം. ഭരതൻ ഭരിച്ചതുകൊണ്ട് ഭാരതമെന്ന പേരുണ്ടായി എന്നു ചിലർ വിചാരിച്ചുവച്ചിട്ടുള്ളത് ശരിയല്ല, അത് പണ്ഡിതമതമാണ്. എന്നാൽ സത്യമെന്താണ്? എത്രയോ ഭരതന്മാർ കഴിഞ്ഞാണ് ഈ ഭരതൻ വന്നത്. ഇതൊന്നും നമ്മൾ അറിയേണ്ട കാര്യമില്ലല്ലോ. ഏതാണ് ഈ ഭരതൻ? ഈ നാലു പേരായിട്ട് ജനിച്ചുവന്നതിനെപ്പറ്റിയാണോ നിങ്ങൾ പറയുന്നത്? എന്തെല്ലാം ചരിത്രങ്ങൾ സൃഷ്ടിച്ച കഥകൾ അതിനു മുമ്പേ ഇവിടെയുണ്ട്? ശ്രീകൃഷ്ണനുശേഷം തന്നെ എത്രയോ കാലങ്ങൾ വന്നുകഴിഞ്ഞു. ഈ അയ്യായിരം കൊല്ലത്തിനകത്ത് എന്തൊക്കെ സംഭവിച്ചു. എത്രയോ മഹാന്മാർ വന്നു. രണ്ടായിരത്തി നാനൂറ്റി നാല്പത്തിനാല് ഗുരുക്കന്മാർ അല്ലെങ്കിൽ പ്രവാചകന്മാർ വന്നതായിട്ടാണ് കണക്ക്. ഈ കണക്കിനെ നമ്മൾ തെറ്റിച്ച് മറ്റൊരാളുടെ വകയായിട്ടു സൂത്രീകരിച്ചാൽ നമ്മളാരാവും, നമ്മുടെ ജീവിതക്രമം എന്തായിപ്പോകും? സത്യത്തിൽ നിന്ന് അകന്നുപോകും. ഈ സത്യാവസ്ഥ നിങ്ങൾ മനസ്സിലാക്കിയിട്ട്, നിങ്ങളിൽക്കൂടി നാടിനും രാജ്യത്തിനും ഉലകത്തിനും കൊടുക്കാനുള്ള ഒരു സംഭാവനയുടെ പൂർണരൂപമാണ് നിങ്ങൾ ഓരോരുത്തരും. ഇതു നിങ്ങൾ വിശ്വസിച്ചു പ്രവർത്തിച്ചില്ലെങ്കിൽ നമ്മൾ സ്വയം നശിച്ചുപോകും എന്നല്ലാതെ സത്യത്തിനു കേടൊന്നും സംഭവിക്കാൻ പോകുന്നില്ല.

നമുക്കു കിട്ടിയിരിക്കുന്നത് കലിയാണ്. കലി ചീത്തയാണെന്നാണ് എല്ലാവരും പറഞ്ഞുകേൾപ്പിച്ചിരിക്കുന്നത്. നല്ലതല്ല കലിയെങ്കിൽ നമ്മൾ അതിനെ എങ്ങനെ കൊണ്ടുപോകും? ഈ കാലത്ത് നമ്മൾ ജീവിച്ചിരുന്നിട്ടെന്തു കാര്യം? കലി നല്ലതാണ്. എല്ലാത്തരത്തിലും നല്ലതാണ്. എല്ലാത്തരത്തിലും സ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, വർഗസ്വാതന്ത്ര്യം -എല്ലാം വന്നുകഴിഞ്ഞു. ഇനി ഈ സ്വാതന്ത്ര്യത്തെ ഏതു വഴിയേ നടത്തണം? ആ കർമത്തിൽ നമ്മൾ ആരായിരിക്കണം? അങ്ങനെയുള്ള ധർമത്തിൽ നമ്മൾ ഏറിപ്പോകണമെങ്കിൽ ഏതെല്ലാം വേലകൾ നമ്മൾ ചെയ്തെടുക്കണം? ഇതാണു നമ്മുടെ ലക്ഷ്യമായിരിക്കേണ്ടത്.

എന്നെ സംബന്ധിച്ച് ദൈവമായി പറഞ്ഞുകിട്ടിയ ഒരറിവുണ്ട്. അതാണു നിങ്ങളെ പറഞ്ഞു കേൾപ്പിക്കുന്നത്. എന്റെയും നിങ്ങളുടെയും മുൻഗാമികൾ ചെയ്തുപോയ കർമത്തിന്റെ ഒരു ദോഷവശം മുട്ടാളത്തരമായി ലോകമാസകലം പകർന്നുനില്പുണ്ട്. ഈ മുട്ടാളത്തരം തിരുത്തിയെടുക്കാനുള്ള അറിവാണ് ദൈവമായി തന്നിരിക്കുന്നത് എന്ന് ഉറപ്പായി നിങ്ങൾക്കു വിശ്വസിക്കാം. എന്റെ കൈയിൽ എന്തുണ്ട് എന്നു പറയുന്നതായി നിങ്ങൾ ധരിക്കരുത്. നിങ്ങളുടേതായ ധർമകർമങ്ങളിൽ ഒത്തിണങ്ങി നില്ക്കേണ്ടതായ ഒരു വലിയ കർതൃത്വബോധം നിങ്ങൾക്കുണ്ടാവാൻ വേണ്ടി പറയുകയാണ്.

## വചനദീപ്തി

"യസ്മൈ കാരണരൂപായ
കാര്യരൂപേണ ഭാതിയത്
കാര്യകാരണരൂപായ
തസ്മൈ ശ്രീഗുരവേ നമ:"

ശ്രീഗുരുഗീത

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2016 നവംബർ 20 മുതൽ 26 വരെ*

**ഞായർ** - **രത്നഗിരി**
**തിങ്കൾ** - **സ്നേഹപുരം**
**ചൊവ്വ** - **കാഞ്ഞാംപാറ**
**ബുധൻ** - **പോത്തൻകോട്**
**വ്യാഴം** - **പാലോട്ടുകോണം**
**വെള്ളി** - **ജ്യോതിപുരം**
**ശനി** - **ശാന്തിപുരം**

## യാമപ്രാർത്ഥന

*2016 നവംബർ 24, വ്യാഴം*
**സ്നേഹപുരം, കാഞ്ഞാംപാറ, ജ്യോതിപുരം**

## ജന്മഗൃഹ തീർത്ഥയാത്ര

*2016 നവംബർ 27, ഞായർ*

## പ്രകാശപഥം ജീവിതകർമം കൊണ്ട് ദൈവത്തോട് അടുക്കുക

രാവിലെ ഉണർന്ന് രാത്രി ഉറങ്ങാൻ പോകുന്നതു വരെയുള്ള സമയത്തിനുള്ളിൽ മനസുകൊണ്ട് ദൈവത്തെ സ്മരിക്കുകയും നന്മ ആഗ്രഹിക്കുകയും ചെയ്യുമെങ്കിലും കർമം കൊണ്ട് നമ്മൾ എത്ര മാത്രം ദൈവത്തോട് അടുക്കുന്നു എന്ന് സ്വയം വിചിന്തനം ചെയ്യേണ്ടതാണ്. ആദിതെറ്റിന്റെ തിരുത്തിനായി ഇരുപത്തിയഞ്ച് ചതുർയുഗങ്ങളുടെ കാത്തിരിപ്പിനുശേഷം ബ്രഹ്മനിയോഗത്താൽ ജന്മമെടുത്ത നമ്മുടെ ഗുരു, ആ തെറ്റു തിരുത്തി കാലധർമ്മം പുന:സ്ഥാപിച്ചു. അങ്ങനെ ബ്രഹ്മപ്രകാശവും മനുഷ്യനും തമ്മിൽ അറ്റുപോയ പാരസ്പര്യം വീണ്ടെടുത്ത് മനുഷ്യനെ അവന്റെ ആത്മീയ-ഭൗതിക ജീവിതത്തിൽ മാർഗദർശനം ചെയ്ത് സത്യദർശനത്തിന് അവകാശിയാക്കാനുള്ള ധർമവും കർമവുമാണ് ഗുരു നമുക്ക് തന്നിരിക്കുന്നത്. പരമ്പരയിലെ ഓരോ വിശ്വാസിയുംതന്നെ, ജീവിതം അതിനനുസരിച്ചു നയിച്ചില്ലെങ്കിൽ കർമംകൊണ്ട് നാം ഗുരുവിൽ നിന്നും ദൈവത്തിൽ നിന്നും അകന്നുപോവുകയും പ്രകൃതിയിൽ നിന്നും തിരിച്ചടി ഉണ്ടാവുകയും ചെയ്യും.

മനസുകൊണ്ട് സദാ ഗുരുവിനെ സ്മരിക്കുകയും പ്രവൃത്തികൊണ്ട് ഗുരു കാട്ടിത്തന്ന മാർഗത്തിൽ നിന്നും വ്യതിചലിച്ച് ജീവിക്കുകയും ചെയ്താൽ സകല മഹാത്മാക്കളും വീണുപോയിടത്ത് ഗുരു പൂർത്തീകരിച്ച സത്യസാക്ഷാത്കാരത്തിന്റെ പാത സ്ഥാപിച്ചെടുക്കാൻ കഴിയാത്ത ദുരന്താനുഭവം ലോകത്തിൽ വീണ്ടും വന്നുചേരും. ധർമം വിടാതെ ചെയ്യുന്ന സകല കർമങ്ങളും ദൈവത്തിനിഷ്ടപ്പെട്ട കർമങ്ങളാണെന്നും അത് ജീവൻമുക്തിക്ക് വഴിതെളിക്കുമെന്നുമുള്ള സത്യം വെളിപ്പെടുത്തുന്ന ഒന്നാണ് മഹാഭാരതത്തിലെ വ്യാധന്റെ കഥ. ഇറച്ചിവെട്ടുമുതൽ മാതാപിതാക്കളുടെ ശുശ്രൂഷ വരെയുള്ള ദൈനംദിന ജീവിതത്തിലെ ഉത്തരവാദിത്തങ്ങളും ധർമബോധത്തോടുകൂടി ചെയ്യുകവഴി ജീവന് മോക്ഷം കിട്ടിയ വ്യാധന്റെ അനുഭവം ഏതൊരു കർമവും ശ്രേഷ്ഠമാകുന്നത് ഏത് ഭാവന കൊടുത്ത് ചെയ്യുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണെന്നു ബോധ്യമാക്കുന്നതാണ്. ഒരു ഗൃഹസ്ഥാശ്രമി തന്റെ പഞ്ചധർമ്മങ്ങൾക്കനുസരിച്ചു ജീവിച്ചാൽ ചെറിയ അവസ്ഥയിലൊക്കെ പോകുന്ന സന്ന്യാസിയെപ്പോലെയെങ്കിലും വരാം.

കാലധർമംതെറ്റിച്ചുള്ള ആരാധനാസമ്പ്രദായങ്ങളിൽ നിന്നും ഒരു സമൂഹത്തെ കാലധർമാനുസാരിയായ, ബ്രഹ്മസങ്കല്പത്തിൽ അധിഷ്ഠിതമായ ഏകദൈവാരാധനയിലേക്ക് ഗുരു കൈപിടിച്ചു നടത്തുകയാണ്. ജീവനെ സകല സൂക്ഷ്മശക്തികളുടെയും സ്വാധീനത്തിൽ നിന്നും മോചിപ്പിച്ച് ഗുരുമാർഗത്തിൽ ജീവിച്ച് വീടിന്റെയും നാടിന്റെയും ദോഷങ്ങൾ മാറ്റിയെടുക്കാനുള്ള വഴി ഗുരു നമുക്കു കാട്ടിത്തന്നിരിക്കുന്നു. ഇത് മനസിലാക്കി ജീവിതകാഴ്ചപ്പാടും ജീവിതവൃത്തിയും ഗുരുവിന്റെ ആശയത്തിനനുസരിച്ച് മാറ്റിയെടുക്കുകയും ഗുരുവിന്റെ വാക്കനുസരിച്ച് ജീവിക്കുകയും ചെയ്താൽ മാത്രമെ ദൈവകാരുണ്യം ഉണ്ടാവുകയുള്ളൂ. നമ്മൾ അങ്ങനെ എന്നും ചെയ്യുമെന്ന് ഉറപ്പുവരുത്തണം.

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

## ആഹാരം: ശാരീരികാരോഗ്യത്തിനും ആത്മീയപുരോഗതിക്കും

ഒരു ജീവിയുടെ ശരീരം അതിന്റെ ജീവന്റെ താൽക്കാലികമായ ആവാസസ്ഥാനം ആണ്. ജീവികൾ ആഹരിക്കുന്നത് അതിന്റെ ജീവൻ നിലനിർത്താൻ വേണ്ടിയാണ്. ജീവൻ നിലനിർത്തണമെങ്കിൽ ഭക്ഷിച്ചേ മതിയാവൂ. ഇതാണ് ഭക്ഷണവും ജീവനുമായുള്ള ബന്ധം. ഭക്ഷണത്തിന്റെ കാര്യത്തിൽ ഗുരു കാണിച്ചുതന്ന മാതൃക എന്താണ്? ഗുരു എന്ത് പ്രാധാന്യമാണ് ഭക്ഷണത്തിനും അടുക്കളയ്ക്കും അത് പാചകം ചെയ്യുന്നവരുടെ സങ്കല്പത്തെക്കുറിച്ചും പറഞ്ഞത്? പുരുഷന്മാർക്ക് പൂജാമുറിപോലെ അതിപ്രധാനമാണ് സ്ത്രീകൾക്ക് അടുക്കള. കുളിച്ചു വിളക്കു കൊളുത്തി പ്രാർത്ഥിച്ചുകൊണ്ട് അടുക്കളയിൽ കയറുന്ന ഒരു സ്ത്രീ പ്രാർത്ഥനാസങ്കല്പങ്ങളോടുകൂടി പാകപ്പെടുത്തുന്ന ഭക്ഷണം പ്രസാദമായിത്തീരുന്നു. അത് കഴിക്കുന്ന സകലരുടെയും രക്തവും മജ്ജയും മാംസംവരെയും പരിവർത്തനപ്പെടുന്നു.

ഭക്ഷണത്തിന് ശരീരത്തെ പരിവർത്തനപ്പെടുത്താൻ കഴിയുമെങ്കിൽ അത് ജീവനെ എത്രമാത്രം സ്വാധീനിക്കുമെന്ന് ചിന്തിച്ചുനോക്കുക. അതുകൊണ്ടാണ് അടുക്കളയെ ജീവന്റെ അടുക്കുകളെ അടുക്കി വയ്ക്കുന്ന കളമെന്ന് വിശേഷിപ്പിക്കുന്നത്.

ജീവന് തൃപ്തിയെന്ന അവസ്ഥാഭാവം കൈവരുന്നത് ഭക്ഷിക്കുമ്പോൾ മാത്രമാണ്. തൃപ്തി ഭക്ഷണത്തിൽ നിന്നും കിട്ടുന്നു. കഴിക്കുന്ന ഭക്ഷണവും അതിലെ സങ്കല്പങ്ങളും ചിന്തകളെ രൂപപ്പെടുത്തുന്നു. മനസ്, ചിന്ത, ജീവൻ ഇവ മൂന്നിനെയും ആഹാരം പരിവർത്തനപ്പെടുത്തുന്നു. വിനയം, സ്നേഹം, കാരുണ്യം, ഭക്തി എന്നീ ഗുണങ്ങളോടുകൂടിയ ഒരമ്മ ഭക്ഷണം പാകപ്പെടുത്തുമ്പോൾ ആ ഗുണങ്ങൾ ഭക്ഷണത്തിൽ കലർന്ന് അത് കഴിക്കുന്നവരുടെ ജീവനെയും സ്വാധീനിക്കുന്നു.

ഗുരു സ്വന്തം ജീവിതം കൊണ്ട് കഷ്ടപ്പെട്ടു നല്കിയ പൊൻവെളിച്ചമാണ് പരമ്പരയെ നയിക്കുന്നത്. ഇന്ന് പരമ്പരയിലെ ഓരോരുത്തർക്കും മുട്ടില്ലാതെ ഭക്ഷണം ലഭിക്കുമ്പോൾ ലോകത്തിന്റെ പല കോണുകളിലും ഒരു നേരത്തെ ഭക്ഷണം കിട്ടാതെ കഷ്ടപ്പെടുന്ന അനേകർ ഉണ്ടെന്നത് നാം വിസ്മരിച്ചുകൂടാ. അന്നത്തിന്റെ ഈ സുഭിക്ഷതയ്ക്കു വേണ്ടി നമ്മുടെ ഗുരു അനുഭവിച്ച ത്യാഗവും കഷ്ടപ്പാടും നാം നിത്യവും സ്മരിക്കേണ്ടതുണ്ട്. നമ്മുടെ സങ്കല്പം ഇതായിരിക്കണം: ഗുരുവിൽക്കൂടി എന്തു നന്മയാണോ കിട്ടേണ്ടത് അത് നമുക്ക് കിട്ടണം, ഒപ്പം ലോകത്തിന്റെ ദാരിദ്ര്യവും മാറണം.

ഭക്ഷണം ഊർജ്ജമാണ്. ദൈവം തന്നിരിക്കുന്ന വഴിയിലൂടെ പാചകം ചെയ്തു ഭക്ഷിക്കുമ്പോൾ ഭക്ഷണത്തിനും പാചകത്തിനും മഹത്വം കൈവരുന്നു. ഗുരു പറയുന്നത് ജീവനെ സംസ്കരിച്ചെടുക്കാൻ കഴിയുന്നതാണ് യഥാർത്ഥ ഭക്ഷണം എന്നാണ്. ഭക്ഷിക്കുന്നതും പാകം ചെയ്യുന്നതും പ്രാർത്ഥന തന്നെയാണ്. അത് ദൈവേച്ഛയായിട്ട് തന്നെ ചെയ്യണം. ഒരു ഗ്ലാസ് വെള്ളം എടുത്തുകൊടുക്കാനേ കഴിയുന്നുള്ളൂവെങ്കിലും ഗുരുവെ അതിൽക്കൂടി എന്തു നന്മയാണോ കിട്ടേണ്ടത് അത് കിട്ടണേ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ചെയ്യാനുള്ള വാസന ഉണ്ടാവണം.

ഏതു ഭക്ഷണവും ഇതുപോലെ ഗുരുവെ സ്മരിച്ചു പാകപ്പെടുത്തി വിളമ്പുകയും ഭക്ഷിക്കുകയും ചെയ്യുമ്പോൾ, നാം നമുക്കും ലോകത്തിനും ഉതകുന്ന സംസ്കാരത്തിലേക്ക് എത്തിച്ചേരുന്നു. ആരോഗ്യമുള്ള ശരീരത്തിലെ ബലമുള്ള ജീവൻ ധർമത്തിൽ അധിഷ്ഠിതമായ കർമം ചെയ്യണം. ഇതാണ് യഥാർത്ഥ സംസ്കാരം. അതായത് ദൈവത്തിന്റെ ശരിയിലൂടെ ശരിയും തെറ്റും മനസിലാക്കി വിവേചനബുദ്ധിയിലൂടെ ധർമത്തിൽ അധിഷ്ഠിതമായ കർമ്മം ചെയ്തു മുന്നേറണം.

മനുഷ്യശരീരത്തിന്റെ ഘടന തെളിയിക്കുന്നത് അവനൊരു സസ്യഭുക്ക് ആണെന്നാണ്. ഇനി മനുഷ്യൻ മാംസഭുക്കോ മിശ്രഭുക്കോ എന്തുതന്നെയായാലും ഗുരുവിശ്വാസികളായ നമ്മൾ മാതൃകയാക്കേണ്ടത് ഗുരുവെയാണ്.

# എച്ച്.ആർ. അറിയിപ്പുകൾ

Human Resources

സെക്യൂരിറ്റി ഡിപ്പാർട്ട്മെന്റിലെ ഡെപ്യൂട്ടി ജനറൽ മാനേജർ വിഷ്ണുമോഹൻ എസ്- നെ ഓപ്പറേഷൻസ് ഡിപ്പാർട്ടുമെന്റിനു കീഴിൽ പ്രോജക്റ്റ്സ് എക്സിക്യൂഷൻ ഡിവിഷനിലേക്കു മാറ്റി നിയമിച്ചു. ഓർഗനൈസിംഗ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ് മനു നായരെ ഇന്റർനാഷണൽ ഓപ്പറേഷൻസ് ഡിവിഷനിൽ മാനേജരായി മാറ്റി നിയമിച്ചു. ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിൽ നിന്ന് അസിസ്റ്റന്റ് മാനേജർ എ.റ്റി. ഉമേഷ് ബാബുവിനെ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കൻഡറി സ്കൂളിലേക്കു മാറ്റി നിയമിച്ചു. ശാന്തിഗിരി ഷോപ്പിംഗ് മാളിലെ അസിസ്റ്റന്റ് മാനേജർ വി.കെ. ഉല്ലാസിനെ ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റിലേക്കും ശാന്തിഗിരി മെഡിക്കൽ സർവീസസിലെ അസിസ്റ്റന്റ് മാനേജർ ഹരീഷ് ചന്ദ്രൻ തമ്പിയെ ശാന്തിഗിരി ആശ്രമം നെടുമങ്ങാട് ഏരിയ ഓഫീസിലേക്കും എച്ച്.ആർ. ഡിപ്പാർട്ട്മെന്റിലെ അസിസ്റ്റന്റ് മാനേജർ വി. അജിത് കുമാറിനെ ഓർഗനൈസിംഗ് സെക്രട്ടറിയുടെ ഓഫീസിലെ സ്ട്രാറ്റജിക് മാനേജ്മെന്റ് ഡിവിഷനിലേക്കും മാറ്റി നിയമിച്ചു.



'കരുണ' ബേബി ക്രഷ് ഡേ ആഘോഷത്തിൽ നിന്ന്

## 'ആയുഷ്' തുടർവിദ്യാഭ്യാസ പരിശീലനപരിപാടി നാളെ മുതൽ

**ഹെൽത്ത്കെയർ സോൺ :** കേന്ദ്ര ആയുഷ് മന്ത്രാലയത്തിന് കീഴിലുള്ള രാഷ്ട്രീയ ആയുർവേദ വിദ്യാപീഠിന്റെ തുടർവിദ്യാഭ്യാസ പരിപാടി (സി.എം.ഇ) നാളെ മുതൽ ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിൽ വച്ചു നടക്കും. ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി ഉദ്ഘാടനം ചെയ്യും. നവംബർ 26 വരെ നടക്കുന്ന പരിപാടിയിൽ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിവിധ സിദ്ധ മെഡിക്കൽ കേളേജുകളിലെ അദ്ധ്യാപകരും ദേശീയ സിദ്ധ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രഗത്ഭരും പങ്കെടുക്കുന്നതാണ്. വൈസ് പ്രിൻസിപ്പൽ ഡോ. പി. ഹരിഹരനാണ് പ്രോഗ്രാം കൺവീനർ.

## അന്താരാഷ്ട്ര പ്രദർശനത്തിൽ കൂട്ടുകുടുംബ കയർ

**അരൂർ :** നവംബർ 13 മുതൽ 15 വരെ ദുബൈയിൽ നടന്ന അന്താരാഷ്ട്ര വ്യാപാര പ്രദർശനത്തിൽ അരൂർ ശാന്തിഗിരി കൂട്ടുകുടുംബ കയർ പങ്കെടുത്തു. കയർ ഭൂവസ്ത്രമാണ് പ്രദർശനത്തിൽ ഉൾപ്പെടുത്തിയത്. കയർ ബോർഡും മേളയിൽ പങ്കെടുത്തു.

## ഗൃഹസ്ഥാശ്രമസംഘം പൊതുയോഗം ഇന്ന്

**റിസർച്ച് സോൺ:** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം പൊതുയോഗം ഇന്ന് രാവിലെ 7.30ന് റിസർച്ച്സോൺ ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. എല്ലാ ആത്മബന്ധുക്കളും പ്രസ്തുത യോഗത്തിൽ പങ്കെടുക്കണമെന്ന് ഗൃഹസ്ഥാശ്രമസംഘത്തിൽ നിന്നും അറിയിച്ചു. ഗൃഹസ്ഥാശ്രമസംഘത്തിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി നടക്കുന്ന പൊതുയോഗത്തിൽ സർവാദരണീയ ജനനി സുപഥ ജ്ഞാനതപസ്വിനി മുഖ്യപ്രഭാഷണം നടത്തുന്നതാണ്. ആദരണീയ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, ആദരണീയ ജനനിപ്രമീളജ്ഞാനതപസ്വിനി എന്നിവരുടെ മഹനീയ സാന്നിദ്ധ്യവും ഉണ്ടായിരിക്കും.

## നമുക്ക് ഇംഗ്ലീഷ് പഠിക്കാം

**ഇ.വി. ആൻഡ്രൂസ്** M.A.
ഇംഗ്ലീഷ് ട്രെയിനർ, സ്നേഹം, പോത്തൻകോട്

### ചോദ്യങ്ങൾ ഉണ്ടാക്കുന്നതിനെക്കുറിച്ച് കുറച്ചുകൂടി

ചോദ്യങ്ങൾ ഉണ്ടാക്കുന്നതിനെക്കുറിച്ച് കുറച്ചുകൂടി കാര്യങ്ങൾ നാം മനസിലാക്കണം. ഉദാഹരണമായി I like music. ഞാൻ സംഗീതം ഇഷ്ടപ്പെടുന്നു. അതിന്റെ ചോദ്യരൂപം : Do i like music ? ഞാൻ സംഗീതം ഇഷ്ടപ്പെടുന്നുവോ? ചോദ്യമുണ്ടാക്കാൻ Do എന്ന സഹായകക്രിയ ( Auxilliary Verb) ഇവിടെ ഉപയോഗിക്കേണ്ടിവന്നു. I ആണ് Subject. അതുകൊണ്ടാണ് Do ഉപയോഗിച്ചത്. അത് He യോ She യോ (ഏകവചനം) ആയിരുന്നുവെങ്കിൽ Does ആണ് ഉപയോഗിക്കേണ്ടത്. അതായത് Does he like music ? Does she like music ? ഭൂതകാലത്തിലാണ് വാചകം പറയേണ്ടതെങ്കിൽ Did he like music ? ഭാവികാലമാണെങ്കിലോ- Will he like music ? വ്യത്യസ്തഭാവങ്ങൾ പ്രകടിപ്പിക്കേണ്ടി വരുമ്പോൾ Can, May, Should തുടങ്ങിയ സഹായകക്രിയകൾ പ്രയോഗിക്കുന്നു.

He can like music - അവന് സംഗീതം ഇഷ്ടപ്പെടാൻ കഴിയും. He may like music - അവൻ സംഗീതം ഇഷ്ടപ്പെട്ടേയ്ക്കും.

He should like music അവൻ സംഗീതം ഇഷ്ടപ്പെടണം. ആദ്യവാചകത്തിലെ ക്രിയ ഏതാണ് ? Can like ആണ് ക്രിയ. അതുപോലെ രണ്ടാം വാചകത്തിലെ ക്രിയ may like ഉം മൂന്നാം വാചകത്തിലേക്ക് should like ഉം ആണ്. അതായത് ക്രിയയ്ക്കും രണ്ടു ഭാഗങ്ങളുണ്ട്. Auxilliary Part ആയ can, may, should ഉം main part ആയ like ഉം. ഇങ്ങനെ രണ്ടു പദങ്ങളുള്ള ക്രിയയുടെ നടുവിൽ subject വയ്ക്കുമ്പോൾ നമുക്ക് ചോദ്യരൂപം കിട്ടുന്നു. Can he like music ? May he like music?, Should he like music ?

ഒരു കാര്യം കൂടി സൂചിപ്പിച്ചുകൊള്ളട്ടെ. Has ഉണ്ട്, Have ഉണ്ട്, Had ഉണ്ടായിരുന്നു; ഇവയൊക്കെ പൂർണ്ണക്രിയകളാണ്. ഉദാഹരണം- I have a car. ഇതിന്റെ ചോദ്യരൂപം എന്താണ്? Do i have a car ? ഇവിടെ സംഭവിച്ചത് എന്താണ്? Do എന്ന സഹായക ക്രിയയെ ക്ഷണിച്ചുകൊണ്ടുവന്ന് Do have എന്ന രണ്ടു ഭാഗമുള്ള ക്രിയയാക്കി മാറ്റി, അവയ്ക്കു നടുവിൽ I എന്ന subject വച്ചു. എന്നാൽ ചിലപ്പോൾ has, have, had എന്നിവ സഹായകക്രിയകളായും പ്രത്യക്ഷപ്പെടാറുണ്ട്. ഉദാഹരണം- I have got it. ഇവിടെ ക്രിയ have got ആണ്. ഇതിനെ ചോദ്യമാക്കുമ്പോൾ have i got it. ഇങ്ങനെ ഒരേ വാക്ക് പൂർണ്ണക്രിയയായും സഹായകക്രിയയായും പ്രത്യക്ഷപ്പെടാം. Am, is, are, was, were, has, have, had, do, does, did തുടങ്ങിയവ ആ ഗണത്തിൽ വരുന്നു.

തിരിച്ചൊരു ചോദ്യം: Will go എന്ന ക്രിയയിൽ Will എന്ന വാക്കിന്റെ അർത്ഥമെന്താണ്? അതിന് ഒറ്റയ്ക്ക് അർത്ഥമില്ല. പോകും എന്ന ഭാവിയുടെ സൂചന നല്കാൻ ഉപയോഗിക്കുന്ന ഒരു പദമാണത്. മറ്റൊരു ചോദ്യം : നാം ധാരാളമായി കാണുന്ന The എന്ന വാക്കിന്റെ അർത്ഥമെന്താണ്?

## ദിവംഗതരായി


മണിയപ്പൻ സി. എസ്

**ചന്ദിരൂർ :** ചന്ദിരൂർ ചിറ്റേക്കാട്ട് വീട്ടിൽ മണിയപ്പൻ. സി. എസ് (61) വാർദ്ധക്യസഹജമായ അസുഖം മൂലം നവംബർ 12 ശനിയാഴ്ച ദിവംഗതനായി. സംസ്കാരം നടന്നു. ചന്ദിരൂർ ശാന്തിഗിരി നിർമ്മലം ഫുഡ് പ്രൊഡക്റ്റ്സിൽ ടെക്നീഷ്യനായി കർമ്മം ചെയ്തു വരികയായിരുന്നു. ഭാര്യ: സുപ്രഭ. മക്കൾ: സത്യശീലൻ (ശാന്തിഗിരി ആയുർവേദ-സിദ്ധ വൈദ്യശാല) ശാന്തിസേനൻ.


പ്രകാശൻ

**കോഴിക്കോട് :** ആദരണീയ സ്വാമി ജനമോഹനൻ ജ്ഞാനതപസ്വിയുടെ സഹോദരൻ ചേളന്നൂർ കിഴക്കോത്ത് വില്ലേജ് അസിസ്റ്റന്റ് ഇരുവള്ളൂർ എമ്മോട്ടുപൊയിൽ പ്രകാശൻ (49) നവംബർ 12 ന് ദിവംഗതനായി. സംസ്ക്കാരം നടന്നു. ഭാര്യ : രമ. മക്കൾ : ജനദത്തൻ, ഗുരുസവിധ്. മറ്റു സഹോദരങ്ങൾ : മോഹിനി, തങ്കലക്ഷ്മി, രാധ, വസന്തകുമാരി, ശൈലജ, ജയചന്ദ്രൻ, പ്രേമരാജൻ.

# ആരോഗ്യ ബോധവത്കരണ സെമിനാർ ഇന്ന്

**ഹെൽത്ത്കെയർ സോൺ :** ശാന്തിഗിരി ഡോ. വീരഭദ്രൻസ് ഷാവോലിൻ കുങ്ഫു ഫിസിക്കൽ മെഡിസിൻ ആന്റ് മാർഷൽ ആർട്സിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ആരോഗ്യ ബോധവത്കരണ സെമിനാർ ഇന്ന് നടക്കും. ഉച്ചതിരിഞ്ഞ് മൂന്നു മണിക്ക് ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കുന്ന സെമിനാർ സി.ആർ. പി.എഫ്. ഡി.ഐ.ജി. എ. ശ്രീനിവാസൻ ഉദ്ഘാടനം ചെയ്യും. ആദരണീയ സ്വാമി പ്രണവശുദ്ധൻ ജ്ഞാന തപസ്വി അദ്ധ്യക്ഷത വഹിക്കും. സിദ്ധ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. ആർ. ദേവരാജൻ, ഗ്രാൻഡ് മാസ്റ്റർ ദിലീപ് ജി. തുടങ്ങിയവർ സംസാരിക്കും.

ശാന്തിഗിരി മാർഷൽ ആർട്സിലെ കുങ്ഫു പഠിതാക്കൾക്കു പുറമെ സിദ്ധ മെഡിക്കൽ കോളേജിലെയും ഗോകുലം മെഡിക്കൽ കോളേജിലെയും ഡോക്ടർമാരും ചടങ്ങിൽ പങ്കെടുക്കുന്നതാണ്.

# സേഫ്റ്റി ടീം ശബരിമലയ്ക്ക്

**റിസർച്ച് സോൺ :** ശബരിമലയിൽ മണ്ഡല-മകരവിളക്ക് തീർത്ഥാടനകാലത്ത് സേവനം ചെയ്യുന്നതിനായി ശാന്തിഗിരി സേഫ്റ്റി ഡിപ്പാർട്ട്മെന്റിൽ നിന്നും അഞ്ചംഗ സംഘം യാത്ര തിരിച്ചു. രഞ്ജിത്ത് എ., ബൈജു ബി. (ആംബുലൻസ് ഡ്രൈവർമാർ), വിഷ്ണു ജി.എസ്. (സീനിയർ സേഫ്റ്റി അസിസ്റ്റന്റ്), രാഗിൻ രാജ് എസ് (സേഫ്റ്റി അസിസ്റ്റന്റ്) ശ്രീജിത്ത് ജയചന്ദ്രൻ (സേഫ്റ്റി അസിസ്റ്റന്റ്) എന്നിവരാണ് സംഘത്തിലുള്ളത്.

തീർത്ഥാടകരുടെ അടിയന്തിര ചികിത്സ ഉൾപ്പെടെയുള്ള സേവനപ്രവർത്തനങ്ങളാണ് സംഘം നിർവഹിക്കുക. 2017 ജനുവരി 20 വരെ സംഘം ശബരിമലയിൽ തുടരുന്നതാണ്. ആംബുലൻസ് അടക്കമുള്ള സൗകര്യങ്ങളുമായിട്ടാണ് സേഫ്റ്റി ടീം യാത്ര തിരിച്ചിട്ടുള്ളത്. മുൻവർഷങ്ങളിലും ശാന്തിഗിരി സേഫ്റ്റി ടീം ശബരിമലയിൽ സേവനം ചെയ്തിരുന്നു.

# വിദ്യാർത്ഥികൾക്കായി ബോധവത്കരണ ക്ലാസ്

**എജ്യൂക്കേഷൻ സോൺ :** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ വിദ്യാർത്ഥികൾക്കായി ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. പരീക്ഷാപ്പേടി ഒഴിവാക്കുന്നതിനെക്കുറിച്ചുള്ള ക്ലാസിൽ അഡ്വ. ഫിജോ മുഖ്യപ്രഭാഷണം നടത്തി. കുട്ടികളെ പഠനത്തിൽ പിന്നാക്കം നയിക്കുന്ന ഘടകങ്ങളെക്കുറിച്ചും അവയെ മറികടക്കാനുള്ള മാർഗങ്ങളും അദ്ദേഹം വിശദീകരിച്ചു.



പോത്തൻകോട് യൂണിറ്റ് പ്രാർത്ഥനായോഗത്തിൽ സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി സംസാരിക്കുന്നു

# ക്രഷ് ഡേ ആഘോഷിച്ചു

**എജ്യൂക്കേഷൻ സോൺ :** ശാന്തിഗിരി കരുണ ബേബി ക്രഷ് ഡേ ആഘോഷം സ്വാമി ചൈതന്യ ജ്ഞാന തപസ്വി ഉദ്ഘാടനം ചെയ്തു. ക്രഷ് ഡേയോടനുബന്ധിച്ച് കുഞ്ഞുങ്ങൾക്കുവേണ്ടി മാനസ് സൂപ്പർ സ്പെഷ്യാലിറ്റി ലാബിന്റെ നേതൃത്വത്തിൽ രക്തപരിശോധന ക്യാമ്പ് സംഘടിപ്പിക്കുകയും ഹെൽത്ത് കാർഡ് വിതരണം ചെയ്യുകയും ചെയ്തു. തുടർന്ന് ക്രഷിലെ കുഞ്ഞുങ്ങളുടെ കലാപരിപാടികളും ഡോ. സ്മിത കിരണിന്റെ നേതൃത്വത്തിൽ 'അമ്മമാരറിയാൻ' എന്ന വിഷയത്തെ കുറിച്ച് 2.00 മുതൽ 3.30 വരെ ബോധവത്ക്കരണ ക്ലാസ്സും നടത്തുകയുണ്ടായി.

# യൂണിറ്റ് പ്രാർത്ഥന

**പോത്തൻകോട് :** ഗൃഹസ്ഥാശ്രമസംഘത്തിന്റെ പോത്തൻകോട്, പാലോട്ടുകോണം , ആനന്ദപുരം യൂണിറ്റുകളിൽ പ്രാർത്ഥന നടന്നു. പോത്തൻകോട് യൂണിറ്റിൽ ആദരണീയ സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വിയും ആനന്ദപുരം യൂണിറ്റിൽ സർവാദരണീയ സ്വാമി ധർമ്മാനന്ദ ജ്ഞാനതപസ്വിയും പാലോട്ട്കോണം യൂണിറ്റിൽ ആദരണീയ സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വിയും പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

# ഹരിതശ്രീ കൃഷി

**റിസർച്ച് സോൺ :** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ ആഭിമുഖ്യത്തിൽ റിസർച്ച് സോണിൽ ശനിയാഴ്ച രാവിലെ 7.30 മുതൽ ഹരിതശ്രീയുടെ ഭാഗമായുള്ള കർമ്മം ഗൃഹസ്ഥാശ്രമസംഘം യൂണിറ്റുകളിൽ നിന്നുള്ള ആത്മബന്ധുക്കളുടെ സജീവ പങ്കാളിത്തത്തോടെ നടന്നു.

# സൗജന്യ വൈദ്യപരിശോധന

**പിരപ്പൻകോട് :** മാണിക്കൽ ഗ്രാമപഞ്ചായത്ത് വയോജന സൗഹൃദ പദ്ധതിയുടെ ഭാഗമായി അറുപത് വയസിനു മുകളിലുള്ള വയോജനങ്ങൾക്ക് സൗജന്യ അലോപ്പതി-ആയുർവേദ വൈദ്യപരിശോധനയും മരുന്നുവിതരണവും നടന്നുവരുന്നു. ഈ മാസം 22, 24, 29 തീയതികളിൽ നടക്കുന്ന വൈദ്യപരിശോധനയിൽ താല്പര്യമുള്ളവർക്ക് പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെടാവുന്നതാണ്.



'ഫൊക്കാന' സമ്മേളനം ന്യൂയോർക്കിൽ സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി ഉദ്ഘാടനം ചെയ്യുന്നു

# ധാർമ്മികജീവിതരീതി ഭാരതം ലോകത്തിന് നൽകി :

## സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി

**ന്യൂയോർക്ക് :** ധാർമ്മികതയിൽ അധിഷ്ഠിതമായ ജീവിത പദ്ധതിയാണ് ഭാരതം ലോകത്തിന് സമ്മാനിച്ചതെന്ന് ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാന തപസി. വേൾഡ് അയ്യപ്പ സേവാ ട്രസ്റ്റ് ഒന്നാം വാർഷിക സമ്മേളനം ന്യൂയോർക്കിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു സ്വാമി. സനാതനമായ പാരമ്പര്യത്തിൽ അഭിമാനം ഉൾക്കൊള്ളേണ്ടവരാണ് നമ്മൾ. ആ പൈതൃകത്തിനനുസരിച്ച് ജീവിതക്രമം ചിട്ടപ്പെടുത്തണം. ആർക്കും ഏറ്റവും എളുപ്പത്തിൽ ഉൾക്കൊള്ളാൻ കഴിയുന്ന ജീവിതരീതിയാണത്. ലോകത്ത് സമാധാനം പുലരുവാനുള്ള ശ്രമങ്ങൾക്ക് ആത്മീയതയാണ് അവസാന വാക്ക്. ഭാരതീയമായ സംസ്കാരത്തിലൂടെ കുടുംബങ്ങളിലും സമൂഹത്തിലും ഏകതാബോധം വളരുകയും സ്നേഹബന്ധം ഊട്ടിയുറപ്പിക്കുകയും ചെയ്യുമെന്ന് സ്വാമി പറഞ്ഞു.

ഡോ. പത്മജ പ്രേം, റാം പോറ്റി, ഗോപികുട്ടൻ നായർ, പാർത്ഥസാരഥി പിള്ള, ബീന മേനോൻ, മാധവൻ ബി നായർ, സജ്ഞീവ് കുമാർ, മനോജ് വാസുദേവൻ നമ്പൂതിരി, രാധാകൃഷ്ണൻ, ഡോ. കൃഷ്ണ കുമാർ, ശ്രീകുമാർ ഉണ്ണിത്താൻ, രാജൻ നായർ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

വാർഷികാഘോഷത്തോടനുബന്ധിച്ച് ചിക്കാഗോ ശ്രുതിലയയുടെ ഭക്തിഗാനസുധയും ഗണേഷ് നായർ സംവിധാനം ചെയ്ത നൃത്തനാടകശിൽപ്പവും അരങ്ങേറി. സമ്മേളനത്തിൽ അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നും മലയാളികൾ ഉൾപ്പെടെ നിരവധി പേർ പങ്കെടുത്തു.

# വിദ്യാഭവനിൽ ആർട്സ് ഫെസ്റ്റിവൽ

**എജ്യൂക്കേഷൻ സോൺ :** ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കൻഡറി സ്കൂളിൽ ആർട്സ് ഫെസ്റ്റിവൽ നവംബർ 11 ന് സർവാദരണീയ സ്വാമി നിർമോഹാത്മ ജ്ഞാനതപസ്വിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ച് കേണൽ എം.ആർ. നായർ ഉദ്ഘാടനം ചെയ്തു. ആദരണീയ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തി. ആദരണീയ ജനനി കൃപ ജ്ഞാനതപസ്വിനി സ്വാഗതമാശംസിച്ച ചടങ്ങിൽ വിദ്യാർത്ഥി വിഷ്ണു തയ്യാറാക്കിയ ആർട്സ് ലോഗോയുടെ പ്രകാശനവും നടന്നു.



ആർട്സ് ഫെസ്റ്റ് ഉദ്ഘാടന ചടങ്ങ്



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala